**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **19-06-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളുടെ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട എത്ര കേസുകൾ നിലവിൽ ഉണ്ട്; പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട തുക ജില്ല തിരിച്ചും വിവിധ വകുപ്പുകൾ തിരിച്ചും ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളുടെ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് 41337 കേസുകൾ നിലവിൽ ഉണ്ട്. സർക്കാർ വകുപ്പുകളുടെ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം- 1- ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇതിൽ എത്ര കേസുകളിലായി എത്ര രൂപ വിവിധ കോടതികളിൽ സ്റ്റേ ഉണ്ട്; ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്ക് വിശദമാക്കാമോ; | (ബി) | ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്ക് അനുബന്ധം- 2- ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | കുടിശികക്കാരുടെ സ്വത്ത് വിവരങ്ങൾ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിലെ ഡേറ്റയുമായി ഒത്തു നോക്കാറുണ്ടോ; കുടിശികക്കാരിൽ നിന്നും പണം ഈടാക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | എല്ലാ കേസുകളിലും കുടിശ്ശികക്കാരുടെ സ്വത്ത് വിവരങ്ങൾ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പുമായി ഒത്തുനോക്കാറില്ല. എന്നാൽ കുടിശ്ശികക്കാരുടെ സ്വത്ത് വിവരങ്ങൾ വില്ലേജ് ഓഫീസർ മുഖാന്തിരം ലഭ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിലെ ഡാറ്റയുമായി ഒത്തുനോക്കാറുണ്ട്. സ്വത്ത് വിവരങ്ങൾ വില്ലേജ് ഓഫീസർ മുഖാന്തിരം ശേഖരിച്ച് ജപ്തി നടപടികൾ സ്വീകരിക്കുകയും ടി വിവരം അതത് രജിസ്ട്രേഷൻ വകുപ്പ് കാര്യാലയത്തിൽ അറിയിക്കുകയും ചെയ്തു വരുന്നു. കുടിശ്ശികക്കാരിൽ നിന്നും പണം ഈടാക്കുന്നതിനായി Kerala Revenue Recovery Act & Rules 1968-ലെ 7, 34 എന്നീ വകുപ്പുകൾ പ്രകാരം കുടിശ്ശിക കക്ഷിയ്ക്ക് ഡിമാൻറ് നോട്ടീസുകൾ നല്കുകയും കക്ഷി നിശ്ചിത തീയതിക്കുള്ളിൽ കുടിശ്ശിക തുക ഒടുക്കു വരുത്താത്ത സാഹചര്യത്തിൽ ടി കുടിശ്ശിക തുക ഈടാക്കുവാൻ ആവശ്യമായ സ്ഥാവര ജംഗമ വസ്തുക്കൾ നിയമാനുസൃതം ജപ്തി ചെയ്ത് ആയത് ലേലം ചെയ്ത് കുടിശ്ശിക ഈടാക്കുന്നതും കൂടാതെ Sec 65 പ്രകാരം അറസ്റ്റ് വാറണ്ട് മുതലായ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ